**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3319** **13-07-2022 - ൽ മറുപടിയ്ക്ക്**

**ആർ.ഡി.ഒ.കോടതികളിൽ തൊണ്ടിമുതലുകൾ സൂക്ഷിക്കുന്നതിന്റെ നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെന്റ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഡി.ഒ.കോടതികളിൽ തൊണ്ടിമുതലുകൾ സൂക്ഷിക്കുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ആർ.ഡി.ഒ കോടതികളിൽ കെ.പി.എഫ് സഹിതം പോലീസ് സ്റ്റേഷനിൽ നിന്നും ഹാജരാക്കപ്പെടുന്ന തൊണ്ടി മുതലുകൾ സാധാരണ തൊണ്ടി നമ്പർ ഇട്ട് അതാത് സ്റ്റേഷനുകളിൽ തന്നെ സൂക്ഷിക്കുന്നതിന് ഉത്തരവാകുകയാണ് ചെയ്യാറ്. എന്നാൽ ഗോൾഡ്, ക്യാഷ് തുടങ്ങിയ വിലപ്പിടിപ്പുള്ള വസ്തുക്കൾ തൊണ്ടി മുതലായി ലഭിച്ചാൽ അത് സൂക്ഷിക്കുന്നതിന് സീനിയർ സൂപ്രണ്ടാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ. ആർ.ഡി.ഒ. മാന്വലിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള വസ്തുക്കൾ വാല്യുബിൾ രജിസ്റ്ററിൽ ചേർത്ത് ആർ.ഡി.ഒ കോടതിയിലെ ചെസ്റ്റിൽ സൂക്ഷിച്ചു വരുന്നു. ഇവ പിന്നീട് ട്രഷറിയിലെ സ്ട്രോങ്ങ് റൂമിൽ സൂക്ഷിക്കുന്നതിന് ട്രഷറി ഓഫീസറെ ഏൽപ്പിക്കുന്നു. |
| (ബി) | തിരുവനന്തപുരം ആർ.ഡി.ഒ.കോടതിയിൽ സൂക്ഷിച്ചിരുന്ന എത്ര പവൻ സ്വർണ്ണമാണ് കവർച്ച ചെയ്തതെന്ന് വ്യക്തമാക്കുമോ; എത്ര കേസുകളുമായി ബന്ധപ്പെട്ട സ്വർണ്ണമാണ് മോഷ്ടിക്കപ്പെട്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | 29 കേസുകളുമായി ബന്ധപ്പെട്ട 104.47 പവൻ സ്വർണ്ണം നഷ്ടപ്പെട്ടിട്ടുണ്ട്. പേരൂർക്കട പോലീസ് ക്രൈം നമ്പർ 600/22 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റാരോപിതനെ പോലീസ് അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നതാണ്. |
| (സി) | സ്വർണ്ണം മോഷണം നടത്തിയ ശേഷം മുക്കുപണ്ടം തിരികെ ലോക്കറിൽ സൂക്ഷിച്ചത് സംഘടിത കുറ്റകൃത്യം നടന്നു എന്നതിന്റെ തെളിവായതിനാൽ ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി 28.05.2022-ന് എ.ഡി.എം, സബ് കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചിരുന്നു. ടി സംഘം 10.06.2022 ന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നതും ആയത് തുർനടപടികൾക്കായി പോലീസിന് കൈമാറിയിരുന്നതുമാണ്. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ | (ഡി) | നിരീക്ഷണ ക്യാമറകൾ ലോക്കർ റൂമിൽ |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | സ്ഥാപിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ ടി തൊണ്ടി മുതലുകളുടെ ആഭ്യന്തര ഓഡിറ്റിന് വിധേയമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ